**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2424 12.02.2020-ലെ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ ഒട്ടനവധി വിദ്യാലയങ്ങളിലും ഇപ്പോഴും കായിക പരിശീലനത്തിന് മൈതാനങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും മുൻനിർത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) | സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും ഒരുക്കുന്നതിന് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**<br>ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | പെൺകുട്ടികൾക്ക വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>**<u>സ്പ്ലാഷ്</u>**<br>ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.<br>**<u>ഹൂപ്സ്</u>**<br>സ്കൂൾ വിദ്യാർത്ഥികൾക്ക് ലോക നിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.<br>**<u>സ്പ്രിന്റ്- ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>**<br>ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.<br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>**<u>പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി.</u>**<br>ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദിക വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.<br><br>കൂടാതെ കായികയുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും മുൻനിർത്തി അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം **അനുബന്ധമായി** ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), കണ്ണൂർ എന്നിവിടങ്ങളിൽ കായികയുവജനകാര്യ വകുപ്പ് നടത്തിയ കായിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന പട്ടിക

- കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർഥികൾക്ക് ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൌകര്യങ്ങളും ഒരുക്കുന്നതിൻറെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.
- രണ്ടു സ്കൂളുകളിലെയും ഹോസ്റ്റലുകൾ, അടുക്കള, ടോയ്ലറ്റ്,എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൌകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.
- ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിൻറെ ഭാഗമായി ഇൻ്റർആക്ടിവ് ക്ലാസ്സ് റൂം, മാനേജ്മെൻ്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്.
- സി.സി.ടി.വി. സ്ഥാപിക്കുന്നതിൻറെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടമെന്ന നിലയിൽ കൂടുതൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ജി വി രാജാ സ്പോർട്സ് സ്കൂളിലേയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലേയും കുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്രനിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കാണുന്നതിനും അതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കുന്ന ലെജൻറ് ടോക് ട്ടു യു എന്ന പദ്ധതിക്കും , വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ശാസ്ത്രീയമായ രീതിയിൽ കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ ഈ രണ്ട് വിദ്യാലയങ്ങളിലെയും കായിക അടിസ്ഥാനസൌകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ജി.വി രാജാ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- 2 ബാസ്കറ്റ്ബോൾ കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം എന്നിവ പൂർത്തീകരിച്ച് വരുന്നു.
- ആൺകുട്ടികളുടെ ടോയ്ലറ്റ്, സ്റ്റാഫ് ക്വാർട്ടേർസ് , ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.
- ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചു.
- ജി.വി രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവർത്തികൾ നടന്നുവരുന്നു.
- വോളിബോൾ കോർട്ട് നവീകരണപ്രവർത്തികൾ പുരോഗമിച്ചുവരുന്നു.
- ജി.വി രാജാ സ്പോർട്സ് സ്കൂളിലെ റീട്ടെയിനിംഗ് വോൾ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- സംപ്, പമ്പ്റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
- 6 വരി 400 m അത്ലറ്റിക് ട്രാക്ക്, 8 വരി സ്റ്റെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു.
- സ്പ്രിംഗ്ളർ , സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.
- സ്കൂളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിൻറെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ നിയമിച്ചിട്ടുണ്ട്.

S.O

കായിക വകുപ്പ് ഈ വിദ്യാലയങ്ങളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി വർഷങ്ങൾക്കുശേഷം ഈ വിദ്യാലയങ്ങളിലെ കുട്ടികൾ സംസ്ഥാന സ്കൂൾ മത്സരങ്ങളിൽ നിരവധി മെഡലുകൾ നേടുകയുണ്ടായി. കൂടാതെ ഖേലോ ഇന്ത്യയിൽ 10 കുട്ടികൾ (ജി.വി.രാജ സ്പോർട്സ് സ്കൂൾ-3, കണ്ണൂർ സ്പോർട്സ് ഡിവിഷൻ - 7) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ അക്ഷയ് എസ്. 4 X400 റിലേയും വെള്ളി മെഡലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ അനഘ രാധാകൃഷ്ണൻ വോളീബോളിൽ സ്വർണ്ണമെഡലും കരസ്ഥമാക്കിയിട്ടുണ്ട്.